# ദൈവപരിപാലയിൽ ആശ്രയിക്കാൻ

വിശുദ്ധ മത്തായി അറിയിച്ച സുവിശേഷത്തിൽ ഗിരിപ്രഭാഷണത്തിന്റെ കേന്ദ്രഭാഗത്തു കാണപ്പെടുന്ന പ്രമേയമാണ് ദൈവപരിപലനയെക്കുറിച്ചുള്ളത് (മത്താ 6,25-33). ഈശോയുടെ ഈ പ്രബോധനം വിശുദ്ധ ലൂക്കാ തന്റെ സുവിശേഷ വിവരണത്തിന്റെ തന്നെ കേന്ദ്രഭാഗത്ത് പ്രതിഷ്ഠിക്കുന്നു (ലൂക്കാ 12,22-34). ഇതു പ്രത്യേക ലക്ഷ്യത്തോടെയാണ്. കാരണം, സുവിശേഷത്തിന്റെ മദ്ധ്യഭാഗത്തു വിവരിക്കപ്പെടുന്ന, ജറുസലേമിലേക്കുള്ള ഈശോയുടെ യാത്ര, കൂടെയുള്ള തന്റെ ശിഷ്യർക്ക് ഒരു പരിശീലനക്കളരിയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. സഹന-മരണോത്ഥാനങ്ങൾക്കായി ജറുസേലമിലേക്കു യാത്ര ചെയ്യുന്ന മിശിഹായായ ഈശോയെ അനുഗമിക്കുന്ന ശിഷ്യർക്കുണ്ടാകേണ്ട അടിസ്ഥാന മനോഭാവമാണ് ദൈവപരിപാലനയിലുള്ള ആശ്രയം. ഈ സുവിശേഷഭാഗമാണ് ശ്ലീഹാക്കാലത്തെ അഞ്ചാം ഞായറാഴ്ച പരിചിന്തനത്തിനായി തിരുസഭാമാതാവ് സമർപ്പിക്കുന്നത്.

എതൊരു മനുഷ്യവ്യക്തിയുടെയും പ്രാഥമിക ആവശ്യങ്ങളിൽപ്പെടുന്നവയാണ് ഭക്ഷണവും വസ്ത്രവും. മനുഷ്യൻ അദ്ധ്വാനിക്കുന്നതും കഷ്ടപ്പെടുന്നതുമെല്ലാം ഇവ സമ്പാദിക്കാനായാണ്. അവന്റെ അനുദിന ജീവിതത്തിലെ ആകുലതയും ഉത്കണ്ഠയുമെല്ലാം ഇവയെക്കുറിച്ചാണ്. മനുഷ്യനായ ഈശോമിശിഹായ്ക്ക് മനുഷ്യന്റെ സകലവിധ അനുഭവങ്ങളും ആവശ്യങ്ങളും പൂർണമായി മനസ്സിലാകുമായിരുന്നു. ഈ അടിസ്ഥാനാവാശ്യങ്ങൾ മനസ്സിലാക്കിയ അവിടുന്ന് അവ മൂലമുണ്ടായേക്കാവുന്ന ഉത്കണ്ഠ ഒഴിവാക്കാനുള്ള മാർഗം അവിടുത്തെ അനുയായികൾക്കു നിർദ്ദേശിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗത്തു നമ്മൾ കാണുന്നത്.

അന്ന് തന്റെ ശിഷ്യരോടും ഇന്നു നമ്മൾ ഓരോരുത്തരോടും ഈശോ അരുളിച്ചെയ്യുന്നു: ''എന്തു ഭക്ഷിക്കും എന്നു ജീവനെക്കുറിച്ചോ, എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾക്ക് ഉത്കണ്ഠ വേണ്ട. കാരണം, ജീവൻ ഭക്ഷണത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും ഉത്കൃഷ്ടമാകുന്നു'' (ലൂക്കാ 12,22-23). ജീവൻ നിലനിർത്താനായി മനുഷ്യൻ ഭക്ഷിക്കണം; ശരീരം സംരക്ഷിക്കാനും നാണം മറയ്ക്കാനുമായി മനുഷ്യൻ വസ്ത്രം ധരിക്കുകയും വേണം. പക്ഷേ, ഭക്ഷണത്തെക്കുറിച്ചുള്ള ചിന്ത ജീവനെ (നിത്യജീവനെ) അപകടപ്പെടുത്ത രീതിയിലോ, വസ്ത്രത്തെക്കുറിച്ചുള്ള പരിഗണന ശരീരത്തെ മറന്നുകൊണ്ടുള്ള തരത്തിലോ ആകരുത് എന്നാണ് ഈശോ ഓർമ്മിപ്പിക്കുന്നത്. കാരണം, ഭക്ഷണത്തെക്കുറിച്ചുള്ള അതിരുകടന്ന ചിന്ത പലരുടെയും ജീവൻ അപകടത്തിലാക്കിയിട്ടുണ്ട്. ഉദാഹരണത്തിന്, ആദിമാതാപിതാക്കന്മാർക്ക് ദൈവിക ജീവനിലുണ്ടായിരുന്ന പങ്ക് നഷ്ടമായതും അവർ പറുദീസായിൽനിന്നു പുറത്തായതും അരുതെന്നു ദൈവം കല്പ്പിച്ചിരുന്നതു ഭക്ഷിക്കാനുള്ള സാത്താന്റെ പ്രലോഭനത്തിനു വഴങ്ങിയതു മൂലമാണ് (ഉല്പ 3). ഏസാവിന് തന്റെ കടിഞ്ഞൂൽ പുത്രാവകാശം നഷ്ടമായതും ഭക്ഷണത്തിന്റെ പേരിലായിരുന്നല്ലോ. മരുഭൂമി യാത്രയ്ക്കിടയിൽ ഇസ്രാലേൽക്കാരിൽ പലർക്കും ജീവൻ നഷ്ടമായത്, ദൈവം അവർക്ക് അത്ഭുതകരമായി നല്കിയ മന്നാ ഭക്ഷണത്തെക്കുറിച്ചു പിറുപിറുത്തതുകൊണ്ടാണ് (സംഖ്യ 21,5). പുതിയനിയമ ദൈവജനമായ അവിടുത്തെ ശിഷ്യസമൂഹം ഇതുപോലുള്ള സാത്താന്റെ കെണിയിൽ വീഴാതിരിക്കാനുള്ള മുന്നറിയിപ്പാണ് ഈശോ നല്കുന്നത്. അമിതാഹാരപ്രിയം എത്രയോ വ്യക്തികളെയും സമൂഹങ്ങളെയുമാണ് ഇന്നും നാശത്തിലെത്തിക്കുന്നത്!

''അന്നന്നു വേണ്ട അപ്പം ഞങ്ങൾക്കു നല്കണമേ'' എന്നു സ്വർഗീയ പിതാവിനോടു പ്രാർത്ഥിക്കാൻ ഈശോ പഠിപ്പിക്കുമ്പോഴും ഇതേ സത്യം തന്നെയാണ് അവിടുന്നു നമ്മെ അനുസ്മരിപ്പിക്കുന്നത്. നാളത്തെ അപ്പത്തെക്കുറിച്ച്, ഭാവിയിൽ എന്തു ഭക്ഷിക്കും എന്നോർത്ത് ആകുലപ്പെടേണ്ട എന്നു സാരം. നിത്യം ജീവിക്കാനായി മനുഷ്യന് ആവശ്യമായിരിക്കുന്നത് സ്വർഗീയ അപ്പവും മിശിഹായുടെ ശരീരവുമായ പരിശുദ്ധ കുർബാനയാണ് എന്നു സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നുമുണ്ടല്ലോ. മരുഭൂമിയിൽ മന്ന ഭക്ഷിച്ച പിതാക്കന്മാർ മരിച്ചു; എന്നാൽ ഈ അപ്പം ഭക്ഷിക്കുന്നവർ മരിക്കുകയില്ല. ആദ്ധ്യാത്മിക ജീവൻ അഥവാ നിത്യജീവൻ നഷ്ടമാക്കുന്ന രീതിയിൽ ഭൗതിക ഭക്ഷണത്തെക്കുറിച്ച് ആകകുലപ്പെടരുത് എന്നാണ് ഈശോ ഉദ്ബോധിപ്പിക്കുന്നത്. അവിടുന്നു കൂട്ടിച്ചേർക്കുന്നു: നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമെന്നു നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ ദൈവരാജ്യം അന്വേഷിക്കുവിൻ. അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു ലഭിക്കും (ലൂക്കാ 12,30-31).

സാധാരണക്കാരായ തന്റെ ശ്രോതാക്കൾക്കു എളുപ്പം മനസ്സിലാകാൻ വേണ്ടി ഈശോ തന്റെ പ്രബോധനങ്ങൾ പ്രകൃതിയിൽനിന്നെടുത്ത ഉദാഹരണങ്ങൾകൊണ്ടു വ്യക്തമാക്കാറാണ്. ഇവിടെയും ആ രീതി തന്നെയാണ് അവിടുന്ന പിന്തുടരുന്നത്. ഭക്ഷണത്തെക്കുറിച്ചു നമ്മൾ ആകുലപ്പെടേണ്ട എന്നു പഠിപ്പിക്കാൻ ആകാശത്തിലെ കാക്കകളെ അവിടുന്നു ചൂണ്ടിക്കാണിക്കുന്നു. അവ വിതയ്ക്കുന്നില്ല; കൊയ്യുന്നില്ല; അവയ്ക്കു പത്തായങ്ങളോ ധാന്യപ്പുരകളോ ഇല്ല. എങ്കിലും ദൈവം അവയെ തീറ്റിപ്പോറ്റുന്നു. 'പക്ഷികളേക്കാൾ എത്രയോ ശ്രേഷ്ഠരാണു നിങ്ങൾ' എന്നു ചോദിച്ചുകൊണ്ട് അവിടുന്നു നമ്മെ ലജ്ജിപ്പിക്കുന്നുമുണ്ട്. അദ്ധ്വാനിക്കേണ്ട എന്നല്ല അവിടുന്നു പഠിപ്പിക്കുന്നത്. പക്ഷികൾ അദ്ധ്വാനിക്കുന്നതു പോലെ ഒരു മനുഷ്യനും അദ്ധ്വാനിക്കുന്നില്ല. നമ്മൾ ഉണരുന്നതിനുമുമ്പേ ഉണർന്ന് അവർ ജോലി ആരംഭിക്കുന്നു. അന്തിയോളം പണിയെടുക്കുകയും ചെയ്യുന്നുണ്ട്. പക്ഷികൾക്കും മൃഗങ്ങൾക്കുംപോലും ആഹാരം പ്രദാനം ചെയ്യുന്ന സ്രഷ്ടാവായ ദൈവം, തന്റെതന്നെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നമുക്ക് എത്രയോ അധികമായി നല്കുകയില്ല എന്നാണ് അവിടുന്നു ചോദിക്കുന്നത്. അവിടുന്നു വലിയ കാര്യങ്ങളിൽ സത്യവാനാണെന്ന് ചെറിയ കാര്യങ്ങളിലൂടെ നമുക്ക് ഉറപ്പു തരുന്നു എന്നാണ് അലക്സാണ്ട്രിയായിലെ സിറിൾ അഭിപ്രായപ്പെടുന്നത്.

വസ്ത്രത്തെക്കുറിച്ച് ആകുലതയരുത് എന്നു കാണിക്കാൻ ഈശോ വയലിലെ ലില്ലിപ്പൂക്കളുടെ മനോഹാര്യതയിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കുന്നു. ഇസ്രായേൽക്കാരുടെ മഹാനായ രാജാവായിരുന്ന സോളമൻപോലും അവന്റെ സർവ പ്രതാപത്തിലും ഒരു ലില്ലിപ്പൂവിനെപ്പോലെ അലംകൃതനായിരുന്നില്ല എന്നവിടുന്നു പറയുന്നു. ഇത്ര നിസ്സാര ചെടിയുടെ കാര്യത്തിൽ തൽപ്പരനായ ദൈവം തന്റെ തന്നെ മക്കളായ മനുഷ്യരുടെ കാര്യത്തിൽ എത്രയോ അധികം പരിഗണനയുള്ളവനായിരിക്കും എന്നാണവിടുന്നു ചോദിക്കുന്നത്. ഇതെക്കുറിച്ച് അംബ്രോസ് ഇപ്രകാരം എഴുതുന്നു: ഒരുവൻ തന്റെ കഴിവു മുഴുവനും ദൈവത്തിൽ അർപ്പിക്കുകയും വിശ്വാസത്തെ സമാദരിക്കുകയും ചെയ്യുന്നുവെങ്കിൽ, ദൈവസഹായത്തിൽ അവൻ കൃത്യമായി പ്രത്യാശയർപ്പിച്ചിരിക്കുന്നതിനാൽ, അവന് ഒരു കുറവും ഉണ്ടാകില്ല. ഈ ബോദ്ധ്യമില്ലാത്ത അവസ്ഥയെ വിശ്വാസക്കുറവായാണ് ഈശോ കാണുന്നത്. അതുകൊണ്ടാണ് അവിടുന്നു ശിഷ്യരെ 'അല്പവിശ്വാസികളേ' എന്നു വിളിക്കുന്നതുതന്നെ. ഈശോയിൽ വിശ്വാസമില്ലാത്തവരായിരുന്നില്ല ശിഷ്യർ. വിശ്വാസമുണ്ടായിരുന്നതുകൊണ്ടാണല്ലോ അവർ അവിടുത്തെ അനുഗമിച്ചിരുന്നത്. എങ്കിലും, അവർ ആ വിശ്വാസത്തിൽ വളരേണ്ടതുണ്ടായിരുന്നു. ആ വളർച്ചയ്ക്കു വഴിയാണ് അവിടുന്നു കാണിച്ചുതരുന്നത്.

നമുക്കു മുമ്പേതന്നെ നമ്മുടെ ആവശ്യങ്ങൾ അറിയുന്നവനാണു നമ്മുടെ സ്വർഗീയ പിതാവ് എന്ന് ഈശോ ഉറപ്പുതരുന്നു. അവിടുന്നു കൂട്ടിച്ചേർക്കുന്നു: ''നിങ്ങൾ ദൈവരാജ്യം അന്വേഷിക്കുവിൻ. അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു ലഭിക്കും. ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട. നിങ്ങൾക്കു രാജ്യം നല്കാൻ നിങ്ങളുടെ പിതാവു മനസ്സായിരിക്കുന്നു.'' ദൈവത്തിന്റെ ഹിതം നിറവേറ്റപ്പെടുന്ന വ്യക്തിയെയും സ്ഥലത്തെയും സംവിധാനത്തെയുമൊക്കെയാണ് ദൈവരാജ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവരാജ്യം അന്വേഷിക്കാൻ അവിടുന്ന് ആവശ്യപ്പെടുമ്പോൾ അവിടുത്ത ഹിതം സ്വർഗത്തിലേതുപോലെ ഭൂമിയിലും നടപ്പാക്കാൻ ശ്രമിക്കണമെന്നാണ് അവിടുന്നു വിവക്ഷിച്ചത്. ഇപ്രകാരം ദൈവഹിതം നിവർത്തിച്ച് ജീവിച്ചാൽ നമ്മൾ ദൈവരാജ്യത്തിലാകും; രാജാവ് നമ്മുടെ കാര്യങ്ങൾ നോക്കിക്കൊള്ളുകയും ചെയ്യും. ഇതെക്കുറിച്ച് അംബ്രോസ് ഇപ്രകാരം എഴുതുന്നു: സ്വർഗം ആഗ്രഹിക്കുകയും ഭൗമികമായത് അന്വേഷിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, ഇപ്പോഴത്തെയും വരാനിരിക്കുന്ന കാലത്തിലെയും വിശ്വാസികൾക്ക് കൃപയുടെ ഒരു കുറവും ഉണ്ടാകില്ല എന്ന് ഈശോ പഠിപ്പിച്ചു. ദൈവരാജ്യത്തിന്റെ പടയാളികൾ (2 കോറി 10,3) ഭക്ഷണത്തെക്കുറിച്ച് ആകുലപ്പെടുന്നത് ഭംഗികേടാണ്. തന്റെ പ്രജകളെ എപ്രകാരമാണു സംരക്ഷിക്കേണ്ടത്, പരിപോഷിപ്പിക്കേണ്ടത്, അണിയിക്കേണ്ടത് എന്നെല്ലാം രാജാവിനറിയാം.

'ചെറിയ ആട്ടിൻകൂട്ടമേ', എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ് 'ഭയപ്പെടേണ്ട' എന്നവിടുന്ന് ആശ്വസിപ്പിക്കുന്നത്. അവിടുത്തെ അജഗണമാണല്ലോ നമ്മൾ; അവിടുന്നു മഹാ ഇടയനും. നമുക്കു രാജ്യം നല്കാൻ പിതാവു തിരുമനസ്സായിരിക്കുന്നു എന്ന് ഈ ഇടയൻ നമുക്ക് ഉറപ്പുനല്കുന്നു. നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗരാജ്യം ലക്ഷ്യംവച്ചു ജീവിക്കുവാൻ, ലൗകിക വ്യഗ്രതകൾ നമ്മെ കീഴടക്കാതിരിക്കാൻ നാളെ നമ്മൾ തിരുനാൾ ആഘോഷിക്കുന്ന മാർതോമാശ്ലീഹാ നമ്മെ സഹായിക്കട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കയുടം ചെയ്യട്ടെ.

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**